Draft #9 of File 33357/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Dec-2020 12:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020 പ്രവേശന വർഷം അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകപ്രവേശനം - ഫൈനൽ അലോട്ട്മെന്റ് നടത്തുന്നതും ഡേറ്റ് ഓഫ് ക്ലോസിങ് ഓഫ് അഡ്മിഷൻസ് പ്രഖ്യാപിക്കുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 5753/AC B 6/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2020

---

*പരാമർശം:-*ബഹു.വൈസ് ചാൻസിലറുടെ 02.12.2020 -ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ പ്രോഗ്രാമുകളിലെ സപ്ലിമെന്ററി അലോട്ട്മെന്റ് വരെയുള്ള അലോട്ട്മെന്റ് പ്രക്രിയ 25.11.2020 -ന് പൂർത്തീകരിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതി മുൻപാകെയുള്ള ഡബ്ല്യൂ എ 1380/2020, 1369/2020 നമ്പർ കേസുകളിലെ ഇടക്കാല ഉത്തരവ് പ്രകാരം 25.11.2020 -ന് ശേഷം വരുന്ന മെറിറ്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിനു സ്വാശ്രയ മാനേജ്മെന്റുകളെ അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

1. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ പ്രോഗ്രാമുകളിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള സീറ്റിലേക്ക് ബഹു. ഹൈക്കോടതി നിർദ്ദേശം അനുസരിച്ച് പ്രവേശനം നടത്തുന്നതിന് 02.12.2020 മുതൽ 06.12.2020 വരെ ഓൺലൈനായി അപേക്ഷ/ഓപ്ഷനുകൾ സ്വീകരിക്കുന്നതിനുള്ള അവസരം നൽകുക.
2. വിവിധ പ്രോഗ്രാമുകളിലേക്കുള്ള കോളേജ് - പ്രോഗ്രാം തിരിച്ചുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക.
3. സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിനു 15.12.2020 വരെ കോളേജുകൾക്ക് അവസരം നൽകുക.
4. ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനം 15.12.2020 -ന് അവസാനിപ്പിക്കുക.
5. മേൽ നിർദ്ദേശങ്ങളനുസൃതമായി തയ്യാറാക്കിയ ഷെഡ്യൂൾ.

| SCHEDULE FOR ADMISSION | | |
|---|---|---|
| Sr. No. | Item | Dates |
| 1 | Facility for online registration/option registration | 02/12/2020 - 06/12/2020 4.00pm |
| 2 | Publication of Provisional Rank List | 07/12/2020 |
| 3 | Admission | 07/12/2020 - 15/12/2020 4.00pm |
| 4 | Date of closing of Admission | 15/12/2020 |

മേൽ നിർദ്ദേശങ്ങളും അതിനനുസരണമായുള്ള ഷെഡ്യൂളും മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസിലർ/ പ്രൊ-വൈസ് ചാൻസിലർഎന്നിവരുടെ പി എസ് മാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ
4. പി.ആർ.ഒ
5. ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
6. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
7. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
8. ക്യാപ് സാങ്കേതിക വിഭാഗം
9. എസി.എ1/ എസി.എ7
10. ഐ ക്യൂ എ സി/ കണ്ടെന്റ് മാനേജ്മെന്റ് സെൽ
11. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #9 of File 33357/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 03-Dec-2020 12:13 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം